(ഡി) നിലവിൽ ടി ആശുപത്രിയിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ഉള്ളതിനാൽ കെ.ബി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹായം ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായാൽ ആയത് പരിശോധിക്കുന്നതാണ്.

പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ

4 (2554) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമവിധേയമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ ഗവൺമെൻറ് പുറപ്പെടുവിച്ച പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ ഉള്ളടക്കത്തിൽ എന്തെങ്കിലും കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ പാരാമെഡിക്കൽ കൗൺസിൽ ബിൽ അവതരിപ്പിക്കുവാനും നിയമനിർമ്മാണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ

5 (2555) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ആക്ടായ 2010 - ലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റഗുലേഷനും) ആക്ടിന്റെ അടിസ്ഥാനത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ രൂപീകരണ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly